**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ അടിസ്ഥാന കാരണം. |
| (ബി) | വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ, വിവിധ വകുപ്പുകൾക്ക് നൽകുന്നതിനുള്ള കുടിശ്ശിക, കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശിക എന്നിവ നൽകുന്നതിനായി | (ബി) | വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; അവ എപ്പോൾ വിതരണം ചെയ്യുമെന്നു വ്യക്തമാക്കുമോ ; | | |
| (സി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിലും സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണം ചെയ്യുന്ന കമ്പനികൾക്കുമുള്ള കുടിശ്ശിക എത്രയാണെന്നും അവ എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും പെൻഷൻകാർക്കും കുടിശ്ശികയായ ഡിഎ, ഡി.ആർ, ലീവ് സറണ്ടർ, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ; ആയത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ